പ്രകാശവചനം ● ശമീം ചൂനൂർ

# കൃഷി ഒരു പ്രതിഫലാർഹ കർമമാണ്

عَنْ أَنَسٍ رَضِيَ اللَّهُ عَنْهُ قَالَ: قَالَ رَسُولُ ﷺ مَا مِنْ مُسْلِمٍ يَغْرِسُ غَرْسًا أَوْ يَزْرَعُ زَرْعًا فَيَأْكُلُ مِنْهُ طَيْرٌ أَوْ إِنْسَانٌ
أَوْ بَهِيمَةٌ إِلاَّ كَانَ لَهُ بِهِ صَدَقَةٌ

അനസി(റ)ൽ നിന്ന്. റസൂൽ(സ) പറഞ്ഞു: ഒരു മുസ്‌ലിം നടുന്ന ചെടിയിൽനിന്നും നടത്തുന്ന കൃഷിയിൽനിന്നും പക്ഷികളോ മനുഷ്യരോ മൃഗങ്ങളോ ഭക്ഷിച്ചാൽ അതയാൾക്ക് പുണ്യകർമമായിത്തീരും (ബുഖാരി)

കൃഷിക്കും അധ്വാനത്തിനും ഇസ്‌ലാം നൽകുന്ന പ്രാധാന്യവും പ്രോത്സാഹനവുമാണ് ഈ പ്രവാചക വചനം ഉൾക്കൊള്ളുന്നത്. പരിസ്ഥിതിയുടെ സംതുലനം നിലനിർത്താൻ മരങ്ങൾ നട്ടു പിടിപ്പിക്കണമെന്ന് പ്രവാചകൻ പ്രോത്സാഹിപ്പിക്കുകയും സ്വയം മുന്നിട്ടിറങ്ങുകയും ചെയ്തിരുന്നു. അന്ത്യനാളാസന്നമാണെങ്കിൽപോലും കൈയിലുള്ള മരത്തൈ ഭൂമിയിൽ നട്ടു നനക്കണമെന്ന് പറയുന്ന ദർശനമാണിസ്‌ലാം. പ്രവാചകൻ പറഞ്ഞു: “ഒരാൾ വൃക്ഷത്തൈ നടാൻ ഒരുങ്ങുമ്പോഴാണ് ലോകം അവസാനിക്കുന്നതെങ്കിൽ പോലും അതിന് മുമ്പ് നടാൻ കഴിയുമെങ്കിൽ അയാൾ അത് നടട്ടെ.”

ഭൂമിയിൽ ജനങ്ങൾക്ക് ജീവിക്കാനാവശ്യമായ കൃഷി ചെയ്യുക എന്നത് വിശ്വാസികളുടെ പൊതുബാധ്യതയാണ്. ഇമാം ഖുർതുബി പറയുന്നു: “കൃഷി പൊതുബാധ്യതയാണ്. ആളുകളെ കൃഷിചെയ്യിപ്പിക്കാൻ ഭരണാധികാരികൾക്ക് ബാധ്യതയുണ്ട്.” അഥവാ കൃഷി ചെയ്യാതെ, ഭക്ഷ്യാവശ്യത്തിന് സ്വയം പര്യാപ്തത നേടാതെ ഇറക്കുമതി ഭക്ഷണത്തെ മാത്രം ആശ്രയിക്കുന്നത് ബാധ്യതയിൽ വീഴ്ചവരുത്തലാണ്. അതുകൊണ്ടാണ് കൃഷി ചെയ്യാത്ത ഭൂമി ഇസ്‌ലാമിക ഭരണകാലത്ത് ഗവൺമെന്റ് പിടിച്ചെടുക്കുന്നത്.

വയലുകളിലും തോട്ടങ്ങളിലും കൃഷി ചെയ്തിരുന്നവരെ അല്ലാഹുവിന്റെ തൊഴിലാളികളായിട്ടാണ് സ്വഹാബികൾ വിശേഷിപ്പിച്ചിരുന്നത്. തോട്ടത്തിൽനിന്ന് പണി കഴിഞ്ഞ് വരുന്ന സഹോദര പുത്രനോട് അംറ്(റ) ഇങ്ങനെ പറയുകയുണ്ടായി: “തന്റെ തൊഴിലാളികളോടൊപ്പം ജോലി ചെയ്യുന്നയാൾ അല്ലാഹുവിന്റെ തൊഴിലാളികളിൽ ഒരാളാണ്.”

ഇസ്‌ലാം കൃഷിയെ പ്രതിഫലാർഹമായ പുണ്യകർമമായാണ് കാണുന്നത്. ഒരു ഫലവൃക്ഷം നട്ട ആൾക്ക് ആ വൃക്ഷം നിലനിൽക്കുന്നേടത്തോളം കാലം പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കും. ആ ഭൂമിയുടെ ഉടമസ്ഥാവകാശം അയാൾക്ക് നഷ്ടപ്പെട്ടാൽ പോലും. അഥവാ കൃഷി വിശ്വാസിക്ക് ‘സ്വദഖത്തുൻ ജാരിയ’യാണ്. പ്രവാചകൻ പറഞ്ഞു: “മുസ്‌ലിം നട്ടുപിടിപ്പിച്ച ചെടിയിൽ നിന്ന് ഭക്ഷിക്കപ്പെടുന്നതെന്തും അവന്റെ ഭാഗത്തുനിന്നുള്ള ദാനമാണ്. പക്ഷികൾ തിന്നുന്നതും ജന്തുക്കൾ തിന്നുന്നതും ദാനമാണ്. എത്രത്തോളമെന്നാൽ അവയിൽനിന്ന് മോഷ്ടിക്കപ്പെടുന്നത്പോലും ദാനമാണ്” (മുസ്‌ലിം). മറ്റൊരിക്കൽ പ്രവാചകൻ പറഞ്ഞു: “അതിക്രമിച്ചുകൊണ്ടല്ലാതെ ഒരാൾ ഒരു കെട്ടിടം നിർമിക്കുകയോ ചെടി നടുകയോ ചെയ്താൽ, അല്ലാഹുവിന്റെ സൃഷ്ടികളിൽ ആർക്കെങ്കിലും അത് ഉപകരിക്കുന്നതായാൽ അതൊരു സ്വദഖത്തുൻ ജാരിയയായിരിക്കും.”

വിശ്വാസി കൃഷിയെ തന്റെ പരലോക ജീവിതത്തിലേക്കുള്ള മുതൽക്കൂട്ടായിട്ടാണ് കാണുന്നത്. മരം നട്ടുകൊണ്ടിരിക്കെ അബൂദർദാഇ(റ)നോട് ഒരാൾ ചോദിച്ചു: “വൃദ്ധനായ താങ്കൾ ഇത് നട്ടിട്ടെന്തു കാര്യം? ഇത് കായ്ക്കാൻ വർഷങ്ങളെടുക്കുകയില്ലേ?” അദ്ദേഹത്തിന്റെ മറുപടി: “ഇതിൽ നിന്ന് മറ്റുള്ളവർ തിന്നുന്നതിലും അതിന്റെ പേരിൽ എനിക്ക് പ്രതിഫലം കിട്ടുന്നതിലും ഞാനെന്തിന് വിരോധം കാട്ടണം?” ഇതാണ് യഥാർഥ മുസ്‌ലിമിന്റെ പ്രകൃതം. ഒരുവേള തനിക്കുപകരിച്ചില്ലെങ്കിൽപോലും താൻ നട്ട മരം പക്ഷികൾക്കും മൃഗങ്ങൾക്കും താമസമൊരുക്കും, ശുദ്ധ വായു നൽകും, പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തും, അതിലൂടെ തനിക്ക് പ്രതിഫലവും ലഭിക്കും എന്ന വിശ്വാസമാണ് ഈ മനഃസ്ഥിതിയിലേക്ക് അവനെയെത്തിക്കുന്നത്.

ഒരിക്കൽ ഉമർ(റ) ഒരു വൃദ്ധനോട് ചോദിച്ചു: “താങ്കൾ താങ്കളുടെ ഭൂമിയിൽ കൃഷി ചെയ്യാത്തത് എന്തുകൊണ്ടാണ്?” അയാൾ പറഞ്ഞു: “എനിക്കേറെ പ്രായമായി. ഞാനടുത്തു തന്നെ മരിക്കാനിടയുണ്ട്.” അൽപം ഗൗരവത്തോടെ ഉമർ അദ്ദേഹത്തോട് പറഞ്ഞു: “താങ്കൾ അവിടെ കൃഷി ചെയ്യുമെന്ന് ദൃഢനിശ്ചയമെടുക്കണം.” എന്നിട്ട് ആ വൃദ്ധനോടൊപ്പം അദ്ദേഹത്തിന്റെ തോട്ടത്തിൽ ചെന്ന് ചെടികൾ നട്ടുപിടിപ്പിച്ചു.

ഭൂമി തരിശായിടുന്നത് പ്രവാചകനും സ്വഹാബിമാരും വലിയ കുറ്റമായാണ് കണ്ടിരുന്നത്. തരിശുഭൂമി കൃഷിയോഗ്യമാക്കുന്നത് വലിയ പുണ്യ പ്രവൃത്തിയാണെന്ന് ഇസ്‌ലാം പഠിപ്പിച്ചു. “തരിശുഭൂമിയെ ജീവിപ്പിക്കുന്നതാരോ ആ ഭൂമി അയാൾക്കുള്ളതാണ്” (അബൂദാവൂദ്, തിർമിദി).

ജീവനില്ലാത്ത ഭൂമിയെ കൃഷിയോഗ്യമാക്കുന്നത് മനുഷ്യർക്കു മാത്രമല്ല, ആഹാരം ആവശ്യമുള്ള സകല ജീവികൾക്കും ഉപകാരപ്രദമാകും. കൃഷിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള തിരുവചനങ്ങളാൽ പ്രചോദിതനായ ഒരു വിശ്വാസിക്കു മാത്രമേ നല്ല കുടിനീരുള്ള, ശുദ്ധവായുവുള്ള, തണൽ വിരിച്ച ഫലവൃക്ഷങ്ങൾ നിറഞ്ഞ, ജീവജാലങ്ങൾക്ക് ജീവിക്കാൻ സാധിക്കുന്ന, പരിസ്ഥിതിസൗഹൃദപൂർണമായ ഒരിടമായി ഭൂമിയെ മാറ്റിയെടുക്കാൻ കഴിയുകയുള്ളൂ. ■